(ഡി) വനാമി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന ഫാം കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റിയിൽ (CAA) രജിസ്റ്റർ ചെയ്യേണ്ടതും ലൈസൻസ് ലഭിച്ചിരിക്കേണ്ടതുമാണ്. രോഗ വിമുക്ത വനാമി വിത്തുകൾ CAA-യുടെ അനുവാദത്തോടുകൂടി ലഭ്യമാക്കേണ്ടതാണ്. വനാമി കൃഷി ചെയ്യുന്ന കുളങ്ങളിൽ നിന്നുള്ള ജലം പുറത്തേക്ക് നദികളിലോ മറ്റ് ജലാശയങ്ങളിലേക്കോ ഇറന്ന് വിടുന്നതിന് മുമ്പായി ശുദ്ധീകരിക്കേണ്ടതുണ്ട്. അതിനായി എഫ്ളുവന്റ് ട്രീറ്റ്മെന്റ് പോണ്ടുകൾ സജ്ജീകരിക്കേണ്ടതുണ്ട്. അതുപോലെ റിസർവ്വോയർ കുളങ്ങളും ആവശ്യമാണ്. തദ്ദേശീയ ഇനത്തിൽപ്പെട്ട ചെമ്മീൻ (ഉദാ: കാരച്ചെമ്മീൻ) കൃഷി യൂണിറ്റുകൾ തൊട്ടടുത്ത് പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ വനാമി ചെമ്മീൻ കൃഷി ചെയ്യാൻ പാടില്ല. വനാമി കൃഷി ചെയ്യുന്ന ഫാമുകൾ ഫെൻസിംഗ് ചെയ്യേണ്ടതാണ്. പക്ഷികൾ ഫാമിൽ കടക്കാതിരിക്കാൻ വലയിടേണ്ടതാണ്. ഓരോ കുളത്തിനും പ്രത്യേകം ഫാമിംഗ് ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതാണ്.

(ഇ) അഡാക്കിന്റെ പൊയ്യാ ഫാമിൽ 2 ഹെക്ടർ വിസ്തൃതിയിൽ വനാമി ചെമ്മീൻ കൃഷി പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിളവെടുപ്പ് കഴിഞ്ഞ് ലാഭവിഹിതം കണക്കാക്കിയാൽ മാത്രമേ ടി കൃഷി വ്യാപകമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ.

മത്സ്യസമൃദ്ധി പദ്ധതി

132 (2951) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യ സമൃദ്ധി പദ്ധതി നിലവിൽ വന്നതിനുശേഷം നേരത്തെ മത്സ്യകൃഷിക്ക് ഉപയോഗിക്കാതിരുന്ന എത്ര ഹെക്ടറിൽ മത്സ്യകൃഷി ആരംഭിച്ചിട്ടുണ്ടെന്ന് ഓരു ജലം, ശുദ്ധജലം എന്നിവ തിരിച്ചുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

മത്സ്യസമൃദ്ധി പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് എഫ്.എഫ്.ഡി.എ. വഴി മാത്രം 3342.15 ഹെക്ടർ ഏരിയയിൽ ശുദ്ധജല/ഓരുജല മത്സ്യകൃഷി നടപ്പിലാക്കിയിരുന്നു. എന്നാൽ മത്സ്യസമൃദ്ധി പദ്ധതി വഴി 12717.065 ഹെക്ടർ ഏരിയയിൽ മത്സ്യകൃഷി ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ കുളങ്ങൾ/ടാങ്കുകൾ/ഫിഷ് ഫാമുകൾ എന്നിവയിൽ (ശുദ്ധജലാശയത്തിലും ഓരു ജലാശയത്തിലും) മത്സ്യ/ചെമ്മീൻ കൃഷി എഫ്.എഫ്.ഡി.എ.

LIBRARY ARCHIVES Kerala Legislative Assembly

വഴിയും മത്സ്യസമൃദ്ധി പദ്ധതി വഴിയും നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	എഫ്.എഫ്.ഡി.എ. വഴിമാത്രം		മത്സ്യസമൃദ്ധി പദ്ധതി മുഖേന	
		ശുദ്ധജല മത്സ്യകൃഷി നടത്തിയ ഏരിയ (ഹെക്ടർ)	ഓരുജല മത്സ്യകൃഷി നടത്തിയ ഏരിയ (ഹെക്ടർ)	ശുദ്ധജല മത്സ്യകൃഷി നടത്തിയ ഏരിയ (ഹെക്ടർ)	ഓരുജല മത്സ്യകൃഷി നടത്തിയ ഏരിയ (ഹെക്ടർ)
1	തിരുവനന്തപുരം	170.86	3	403	20.733
2	കൊല്ലം	157.5	40	370	240
3	പത്തനംതിട്ട	120	0	241.239	0
4	ആലപ്പുഴ	260.74	405	2252.15	1315.49
5	കോട്ടയം	162	2	1169.24	42
6	ഇടുക്കി	104	0	381.22	0
7	എറണാകുളം	213.63	120	333.445	658.4
8	തൃശ്ശൂർ	167	40	2068	239.08
9	പാലക്കാട്	704	0	1143.852	0
10	മലപ്പുറം	257	97	803.518	9.62
11	കോഴിക്കോട്	116	20.71	181.528	55
12	വയനാട്	31.6	0	140.812	0
13	കണ്ണൂർ	35.5	4	198	274.543
14	കാസർഗോഡ്	100.61	10	147.595	28.6
	ആകെ	2600.44	741.71	9833.599	2883.466

LIBRARY ARCHIVES Kerala Legislative Assembly